**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **300** **03.02.2020** - ൽ മറുപടിയ്ക്ക്

## ക്ഷേമ പദ്ധതികൾ


ചോദ്യം
ശ്രീ.എൻ.എ.നെല്ലിക്കുന്ന്

മറുപടി
കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)


| | | | |
|---|---|---|---|
| (എ) | 2016 മാർച്ച് മാസത്തിൽ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ക്ഷേമ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും (സി) യും | വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | ഈ ക്ഷേമ പദ്ധതികൾ പ്രകാരം ഏതെല്ലാം വിഭാഗങ്ങൾക്ക് ഏതെല്ലാം ആനുകൂല്യങ്ങളാണ് നൽകിയതെന്നും അതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ; | | |
| (സി) | പ്രസ്തുത ക്ഷേമ പദ്ധതികൾക്ക് ആവശ്യമായ തുക എത്രയായിരുന്നു എന്നും അത് ഏത് ഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കിയതെന്നും വ്യക്തമാക്കാമോ; | | |
| (ഡി) | 2020 ജനുവരി മാസത്തിൽ സംസ്ഥാനത്ത് നിലവിലുള്ള ക്ഷേമ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ഡി) യും (ഇ) യും (എഫ്) ഉം | വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു. |
| (ഇ) | ഈ ക്ഷേമ പദ്ധതികൾ പ്രകാരം ഏതെല്ലാം വിഭാഗങ്ങൾക്ക് ഏതെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് അറിയിക്കുമോ; | | |

| | | | |
|---|---|---|---|
| (എഫ്) | പ്രസ്തുത ക്ഷേമ പദ്ധതികൾക്ക് ആവശ്യമായ തുക എത്രയാണെന്നും ഏത് ഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കിവരുന്നതെന്നും വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

**സാമൂഹ്യനീതി വകുപ്പ്.**

### I. സൈക്കോ സോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ് സ്കീം

കേരള സൈക്കോ സോഷ്യൽ റൂൾ 2012 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്കാണ് സൈക്കോസോഷ്യൽ ഗ്രന്റ് ഇൻ എയ്ഡ് നൽകി വരുന്നത്. നിലവിൽ 35 സ്ഥാപനങ്ങൾക്ക് ഈ പദ്ധതി പ്രകാരമുള്ള ഗ്രാന്റ് ലഭിക്കുന്നുണ്ട്.

**മാനദണ്ഡങ്ങൾ**:

1) സൈക്കോ സോഷ്യൽ ഗ്രാന്റ് അനുവദിക്കുന്ന സ്ഥാപനങ്ങൾക്ക് RPWD Act രജിസ്ട്രേഷനും Kerala Registration of Psycho Social Rehabilitation Centers of Mentally ill Persons Rules, 2012 പ്രകാരമുള്ള രജിസ്ട്രേഷനും ഉണ്ടായിരിക്കണം.
2) സൈക്കോ സോഷ്യൽ സ്ഥാപനങ്ങൾക്ക് ഈ മേഖലയിൽ കുറഞ്ഞത് 3 വർഷത്തെ പ്രവർത്തനപരിചയം ഉണ്ടായിരിക്കണം.
3) സാമ്പത്തിക ഭദ്രതയുള്ള എൻ.ജി.ഒ ആയിരിക്കണം.
4) മാനേജിംഗ് കമ്മിറ്റിയും ഓഫീസ് സ്റ്റാഫും സാമൂഹ്യ പ്രതിബദ്ധതയുള്ളവരായിരിക്കണം.
5) കേരള സൈക്കോ സോഷ്യൽ 2012 അനുശാസിക്കും പ്രകാരമുള്ള സ്ഥല സൗകര്യങ്ങളും, താമസ സൗകര്യങ്ങളും, സ്റ്റാഫ് പാറ്റേണും, ആരോഗ്യസേവനങ്ങളും, പോഷകാഹാര സൗകര്യങ്ങളും ഉണ്ടായിരിക്കണം.

പ്രസ്തുത പദ്ധതി പ്ലാൻ ഫണ്ട് ഉപയോഗിച്ചാണ് നടപ്പാക്കുന്നത്.

### II. ട്രാൻസ് ജെന്റർ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി

**മാനദണ്ഡങ്ങൾ**

1) അപേക്ഷകർ ട്രാൻസ്ജെൻഡർ വ്യക്തിയാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്.

2) പൂർണ്ണമായും പൂരിപ്പിച്ച നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോം സ്കൂൾ/കോളേജ് മേധാവി മുഖേന ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ സമർപ്പിക്കണം.

ഏഴാം തരം മുതൽ പത്താം തരം വരെയുള്ള സ്കൂൾ വിദ്യാർത്ഥികൾക്ക് (ട്രാൻസ്ജൻഡർ) പ്രതിമാസം 1000/- രൂപ യും (10 മാസത്തേയ്ക്ക്) പ്ലസ് വൺ & പ്ലസ് ടു വിദ്യാർത്ഥികൾക്ക്(ട്രാൻസ്ജൻഡർ) പ്രതിമാസം 1500/- രൂപയും (10 മാസത്തേയ്ക്ക്) ഡിപ്ലോമ, ഡിഗ്രി, പി.ജി, പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് (ട്രാൻസ്ജൻഡർ) പ്രതിമാസം 2000/- രൂപയും (10 മാസത്തേയ്ക്ക്) നൽകിവരുന്നു.

ആകെ വകയിരുത്തിയിരുന്ന തുക - **62,50,000/- രൂപ**
ശീർഷകം - **2235-60-200-83-(P)**

## III. <u>പി എച്ച് സ്കോളർഷിപ്പ്</u>

ഭിന്നശേഷിക്കാരായ (1 ക്ലാസ്സ് മുതൽ പി ജി / പ്രൊഫഷണൽ കോഴ്സുകൾ) വിദ്യാർത്ഥികൾക്ക് പഠനത്തിനായി സ്കോളർഷിപ്പ് നൽകുന്നു.

**<u>മാനദണ്ഡങ്ങൾ</u>**

1. വൈകല്യത്തോത് 40% ഉം കൂടുതലും
2. കുടുംബ വാർഷിക വരുമാനം 36,000/- രൂപ
3. അപേക്ഷ സമർപ്പിക്കുന്നതിന്റെ മുൻ അദ്ധ്യയന വർഷം കുറഞ്ഞത് 40% മാർക്ക് നേടിയിരിക്കണം

## <u>IV. വികലാംഗരുടെ പെൺമക്കൾക്കും വികലാംഗരായ പെൺകുട്ടികൾക്കുമുള്ള വിവാഹ ധനസഹായം.</u>

വിവാഹധനസഹായമായി 10,000/- രൂപ വീതം അനുവദിച്ചിരുന്നു.

<u>മാനദണ്ഡങ്ങൾ</u>

1. വൈകല്യത്തോത് 40% ഉം കൂടുതലും
2. വരുമാന പരിധി 36,000/- രൂപ
3. അപേക്ഷ സമർപ്പിക്കുന്ന തീയതിയിൽ പെൺകുട്ടിയ്ക്ക് 18 വയസ്സ് പൂർത്തിയായിരിക്കണം.

## V. ഭിന്നശേഷിക്കാർക്കായുള്ള ചികിത്സാധനസഹായം

(വികലാംഗ ദുരിതാശ്വാസനിധി)

സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെയും സാമൂഹ്യനീതി ഡയറക്ടറുടെയും പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ള 2,65,00,000/- രൂപയുടെ പലിശയിനത്തിൽ ലഭിക്കുന്ന തുകയിൽ നിന്നും ഭിന്നശേഷിക്കാർക്ക് ചികിത്സാ ധനസഹായമായി പരമാവധി 5,000/- രൂപ അനുവദിക്കുന്നു.

**മാനദണ്ഡങ്ങൾ**

1. വൈകല്യത്തോത് 40% ഉം കൂടുതലും
2. വരുമാന പരിധി – ഗ്രാമങ്ങളിൽ 20,000/- രൂപയും നഗരങ്ങളിൽ 24,000/- രൂപയും.

## VI. മാതൃജ്യോതി

കാഴ്ച വൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിന് പ്രതിമാസം 2000/- രൂപ ക്രമത്തിൽ 24 മാസം ധനസഹായം നൽകുന്ന പദ്ധതി.

**മാനദണ്ഡങ്ങൾ**

1. കാഴ്ചവൈകല്യം 40% ഉം കൂടുതലും
2. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപ.

## VII. ഇംപ്രസ്റ്റ് മണി

അനാഥരും അശരണരുമായി തെരുവിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്നവർക്ക്, ആഹാരം, വസ്ത്രം, പ്രാഥമിക വൈദ്യപരിശോധന എന്നിവ നൽകി പുനരധിവാസ കേന്ദ്രങ്ങളിൽ പാർപ്പിക്കുന്നു.

## VIII. തടവുപുള്ളികൾക്കുള്ള പദ്ധതികൾ

i. ജയിൽ തടവുകാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി
ii. പ്രൊബേഷണർമാർ/എക്സ്കോൺവിക്ട്സ് എന്നിവർക്കുള്ള സ്വയംതൊഴിൽ ധനസഹായ പദ്ധതി.
iii. തടവുകാരുടെ ആശ്രിതർക്കുള്ള സ്വയംതൊഴിൽ ധനസഹായ പദ്ധതി.

## IX. ദുർബലജന വിഭാഗങ്ങൾക്ക് സുരക്ഷിതത്വംനൽകുന്ന പദ്ധതി.

അനാരോഗ്യം ബാധിച്ച് നിരാശ്രയരായി തെരുവുകളിൽ അലഞ്ഞു തിരിയുന്നവർക്കും രോഗം ഭേദമായതിനു ശേഷം ആരും

സ്വീകരിക്കാനില്ലാതെ ആശുപത്രിയിൽ കഴിയാൻ നിർബന്ധിതരുമായവർക്കും സംരക്ഷണം നൽകുന്നതിനുള്ള പദ്ധതിയാണ് ദുർബല ജന വിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി.

**മാനദണ്ഡങ്ങൾ**

തിരുവനന്തപുരം ജില്ലയിൽ ജനറൽ ആശുപത്രിയിലെ 9-ാം വാർഡിൽ നിന്നും രോഗം ഭേദമാകുകയും ബന്ധുക്കൾ ആരും സ്വീകരിക്കുവാനില്ലാത്തവരെ സംരക്ഷണത്തിനായി സ്ഥാപനങ്ങളെ ഏല്പിച്ചിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിലെ ആറ് സ്ഥാപനങ്ങൾക്ക് പ്രസ്തുത പദ്ധതി പ്രകാരം ഗ്രാന്റ് നൽകി വരുന്നു. ഈ പദ്ധതി 2005-06 വർഷത്തിലാണ് ആരംഭിച്ചത്. 2015- വർഷം മുതൽ പ്രസ്തുത പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് പ്രതിമാസം 1500/- രൂപാ ക്രമത്തിൽ നല്കി വരുന്നു.

## X. ഓർഫനേജ് കൺട്രോൾ ബോർഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ

i) കുട്ടികളെ സംരക്ഷിക്കുന്ന ക്ഷേമസ്ഥാപനങ്ങൾ, വയോജന സംരക്ഷണ ക്ഷേമസ്ഥാപനങ്ങൾ, ശാരീരിക വൈകല്യമുള്ളവരെ സംരക്ഷിക്കുന്ന ക്ഷേമസ്ഥാപനങ്ങൾ എന്നിവയ്ക്ക് ഗ്രാന്റ് നൽകുന്ന പദ്ധതി.

ii) ക്ഷേമസ്ഥാപനങ്ങളിൽ സംരക്ഷിക്കുന്ന പെൺകുട്ടിക്ക് വിവാഹധനസഹായ പദ്ധതി.

iii) തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ധനസഹായപദ്ധതി.

**മാനദണ്ഡങ്ങൾ**

ഓർഫനേജ് കൺട്രോൺ ബോർഡിന്റെ അംഗീകാരവും സർക്കാർ അനുമതിയുമാണ് ഗ്രാന്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ. നിശ്ചിത മാതൃകയിലുള്ള അപേക്ഷ സ്ഥാപനങ്ങൾ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കുകയും ഓഫീസർ പരിശോധന നടത്തി ഗ്രാന്റ് നൽകുകയും ചെയ്യുന്നു.

വിവാഹം കഴിക്കുന്നതിനായി പെൺകുട്ടിയുടെ സമ്മതപത്രം, വിവാഹ ക്ഷണക്കത്ത്, സ്ഥാപനമേധാവിയുടെ അപേക്ഷ എന്നിവ സഹിതം ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം. ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള മോണിട്ടറിംഗ് കമ്മറ്റി കൂടി വിവാഹ ധനസഹായം അനുവദിക്കുന്നു.

വിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷ കുട്ടി പഠിക്കുന്ന സ്ഥാപനമേധാവിയുടെ സാക്ഷ്യപ്പെടുത്തൽ സഹിതം ക്ഷേമസ്ഥാപന

മേധാവി അപേക്ഷ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം. ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള മോണിട്ടറിംഗ് കമ്മറ്റി കൂടി വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്നു.

## II. വനിതാ ശിശുവികസന വകുപ്പ്

30.06.2017 ലെ സ.ഉ.(കൈ)നം. 24/2017/സാനീവ നമ്പർ ഉത്തരവ് പ്രകാരം സാമൂഹ്യനീതി വകുപ്പ് വിഭജിച്ചാണ് വനിത ശിശു വികസന വകുപ്പ് രൂപീകരിച്ചത്. 2016 മാർച്ച് മാസത്തിൽ വകുപ്പ് മുഖേന നടപ്പിലാക്കിയിരുന്ന ക്ഷേമപദ്ധതികൾ /മാനദണ്ഡം/തുക എന്നിവ ചുവടെ ചേർക്കുന്നു.

1. **മംഗല്യ – വിധവാ പുനർവിവാഹം**:

18 വയസ്സിനും 50 വയസ്സിനും മദ്ധ്യേ പ്രായമുള്ള വിധവകൾ, നിയമപ്രകാരം വിവാഹ മോചനം നേടിയവർ എന്നിവരുടെ പുനർ വിവാഹത്തിനായി 25,000/- രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി. BPL / മുൻഗണന വിഭാഗത്തിൽ പെട്ട 18 നും 50 നും മദ്ധ്യേ പ്രായമുള്ള വിധവകൾക്കാണ് ധനസഹായം അനുവദിക്കുന്നത്. മംഗല്യ പദ്ധതിയ്ക്ക് 1,19,25,000/- രൂപയാണ് ചെലവു വന്നത്).

2. **വനിതകൾ ഗൃഹനാഥരായിട്ടുള്ള കുടുംബത്തിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം:**

നിയമപരമായി വിവാഹ മോചനം നേടിയവർ, ഭർത്താവ് ഉപേക്ഷിക്കപ്പെട്ടവർ, ഭർത്താവ് നട്ടെല്ലിന് ക്ഷതം സംഭവിച്ച് കിടപ്പിലായവർ എന്നീ വിഭാഗത്തിൽപ്പെടുന്ന കുടുംബത്തിലെ മുൻഗണനാ വിഭാഗത്തിൽപ്പെടുന്നതും സർക്കാർ/ സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നതുമായ കുട്ടികൾക്കാണ് ഈ ധനസഹായം നൽകി വരുന്നത്.

- 5 വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങൾക്കും 1 മുതൽ 5 വരെ ക്ലാസിലുള്ള കുട്ടികൾക്ക് - 300 രൂപ വീതം
- 6 മുതൽ 10 –ാം ക്ലാസ്സ് വരെ - 500 രൂപ വീതം
- +1, +2 ക്ലാസ്സുകൾ - 750 രൂപ വീതം
- സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ ഡിഗ്രി / പ്രൊഫഷണൽ കോഴ്സുകൾ -1000 രൂപ വീതം

വനിതകൾ ഗൃഹനാഥരായവരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി - 2,12,20,500/- ആണ് ചെലവു വന്നത്.

ഈ പദ്ധതികൾക്കുള്ള ഫണ്ടുകൾ 2235-02-103-92 (P) എന്ന ശീർഷകത്തിൽ നിന്നുമാണ് ചെലവഴിച്ചത്.

3. **നിർഭയ** സെൽ മുഖാന്തിരം ലൈംഗിക പീഡനത്തിന് വിധേയരായ പെൺകുട്ടികളെ സംരക്ഷിക്കുന്ന 12 ഷെൽട്ടർ ഹോമുകൾ പ്രവർത്തിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

നിർഭയ പദ്ധതിയ്ക്കായി 2235-02-103-74(P) ശീർഷകത്തിൽ വകയിരുത്തിയിരുന്ന 2.65 കോടി രൂപയിൽ നിന്നാണ് ഈ ചെലവുകൾ നിർവ്വഹിച്ചത്. ഇതിനായി ആകെ 2.62 കോടി രൂപ ചെലവ് വന്നിട്ടുണ്ട്.

4. **ഔവർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ (ORC)**

കുട്ടികൾ അനുഭവിക്കുന്ന സ്വകാര്യ വൈകാരിക പഠനമാനസിക ആരോഗ്യ സാമൂഹ്യ വെല്ലുവിളികൾ സ്കൂൾ തലത്തിൽ അധ്യാപകരുടെയും രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും കൂട്ടായ്മയിൽ ശാസ്ത്രീയമായി കണ്ടെത്തി പരിഹരിക്കുന്നതിനും കുട്ടികളിലെ ജീവിത നൈപുണികൾ ശക്തിപ്പെടുത്തുന്നതിനുമുള്ള നൂതന പദ്ധതി കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിച്ചു. തെരഞ്ഞെടുത്ത 93 സ്കൂളിലെ വിദ്യാർത്ഥികൾ പദ്ധതിയിലെ ഗുണഭോക്താക്കളായിട്ടുണ്ട്.

5. **<u>കാവൽ പദ്ധതി</u>**

സംസ്ഥാനത്തെ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ മാനസിക സാമൂഹിക അവസ്ഥ മെച്ചപ്പെടുത്തി പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ബാംഗ്ലൂർ നിംഹാൻസുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയാണ് കാവൽ.

## III. കേരള സാമൂഹ്യ സുരക്ഷാ മിഷൻ

2016 മാർച്ച് മാസത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിയിരുന്ന ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

- **<u>ക്യാൻസർ സുരക്ഷാ പദ്ധതി</u> :** 18 വയസ്സുവരെയുള്ള ക്യാൻസർ രോഗികളായ കുട്ടികളുടെ ജീവൻ സംരക്ഷിക്കുന്നതിന് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് ക്യാൻസർ സുരക്ഷ. ടി പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 12 ആശുപത്രികൾ മുഖേന നടപ്പാക്കി വരുന്നു.

### മാനദണ്ഡങ്ങൾ

- 01.11.08 നു ശേഷം ക്യാൻസർ ചികിത്സയ്ക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള 18 വയസ്സിന് താഴെയുള്ള കുട്ടികളാണ് ഗുണഭോക്താക്കൾ.
- രോഗബാധയുള്ളതായി സ്ഥിരീകരിക്കപ്പെട്ടശേഷം മാത്രമാണ് രോഗികൾക്ക് രജിസ്റ്റർ ചെയ്യാൻ കഴിയുക. ബയോപ്സി / റേഡിയോളജിക്കൽ ഇമേജിംഗ് റിപ്പോർട്ടുകൾ സ്ഥിരീകരണത്തിനുള്ള അടിത്തറയായിരിക്കും.
- പാവപ്പെട്ട കുടുംബങ്ങളിലെ രോഗികൾക്ക് മാത്രമാണ് സ്കീമിന്റെ സഹായത്തിന് അ ർഹതയു ണ്ടായിരിക്കുകയുള്ളൂ.

- ചികിത്സ ആരംഭിച്ചതിനുശേഷം രോഗികൾക്ക് 18 വയസ്സ് പൂർത്തിയാവുകയാണെങ്കിൽ പദ്ധതിയുടെ കൂടുതൽ സഹായങ്ങൾ പരമാവധി 19 വയസ്സുവരെ മാത്രമായിരിക്കും നീട്ടിനൽകുക.
- സംസ്ഥാന ഗവൺമെന്റുകൾ / പി എസ് യു / കേന്ദ്ര സർക്കാർ ജീവനക്കാരുടെ കുട്ടികൾക്ക് ഈ സ്കീം ബാധകമല്ല.
- മെഡിക്കൽ ഇൻഷുറൻസ് / മെഡിക്കൽ സ്കീം പരിധിക്കു വരുന്ന കുട്ടികൾക്ക് ഈ സ്കീം ബാധകമല്ല. മെഡിക്കൽ ഇൻഷുറൻസ് പരിധി കഴിഞ്ഞുള്ള ചെലവ് പദ്ധതിയിൽ ഉൾപ്പെടുന്നതാണ്.

| പദ്ധതിയുടെ പേര് | ബജറ്റ് തുക (ലക്ഷത്തിൽ) | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|---|
| ക്യാൻസർ സുരക്ഷ | 151 ലക്ഷം + 700 NRHM | 851 |

- **<u>2. താലോലം പദ്ധതി :</u>** ജന്മനായുള്ള ഹൃദയവൈകല്യങ്ങളാലും ജനിതക രോഗങ്ങളാലും മറ്റ് ഗുരുതര രോഗങ്ങളാലും കഷ്ടപ്പെടുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിക്കുന്ന താലോലം പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 15 ആശുപത്രികൾ മുഖേന നടപ്പാക്കി വരുന്നു.

***<u>മാനദണ്ഡങ്ങൾ</u>***

- നിയമാനുസൃത ആശുപത്രികളിലെ ചികിത്സ തേടുന്ന മാരക രോഗങ്ങളുള്ള 18 വയസ്സിന് താഴെയുള്ള കുട്ടികൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്.
- രോഗികൾക്ക് ഫറ്റാലറ്റി/മാലിഗ്നൻസി ഉണ്ടെന്ന് സ്ഥിരീകരിച്ചതിനുശേഷം മാത്രമേ രോഗികളെ രജിസ്റ്റർ ചെയ്യാൻ കഴിയുകയുള്ളൂ.
- ചികിത്സാ ചെലവുകൾ വഹിക്കാൻ കഴിയാത്ത കുടുംബങ്ങളിലെ കുട്ടികൾക്ക് എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ പദ്ധതിയുടെ പ്രയോജനം ലഭ്യമാകും.
- ചികിത്സ ആരംഭിച്ചതിനു ശേഷം രോഗികൾക്ക് 18 വയസ്സ് പൂർത്തിയാവുകയാണെങ്കിൽ പദ്ധതിയുടെ കൂടുതൽ സഹായങ്ങൾ പരമാവധി 19 വയസ്സുവരെ മാത്രമായിരിക്കും നീട്ടി നൽകുക.
- നിയമാനുസൃത ആശുപത്രികളുടെ പേവാർഡുകളിൽ ചികിത്സ തേടുന്ന കുട്ടികൾക്ക് ഈ സ്കീം ബാധകമല്ല.
- ഒരു കുട്ടിക്ക് 50,000/- രൂപ എന്ന പരിധി നിശ്ചയിച്ചാണ് ആദ്യ ധനസഹായം അനുവദിക്കുന്നത്. എന്നിരുന്നാലും, ബന്ധപ്പെട്ട വകുപ്പിന്റെ തലവൻ, റേഡിയോളജി വിഭാഗം മേധാവി, സൂപ്രണ്ട്, മിഷൻ അംഗീകാരം നൽകിക്കൊണ്ടുള്ള കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആശുപത്രി അധികച്ചെലവ് വഹിക്കും.

| പദ്ധതിയുടെ പേര് | ബജറ്റ് വിഹിതം (ലക്ഷത്തിൽ) | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|---|
| താലോലം | 151 ലക്ഷം (151 State + 900 NRHM) - ആരോഗ്യ കിരണം | 1051 |

3. **ആശ്വാസകിരണം പദ്ധതി :** ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമാ യവിധം കിടപ്പിലായ രോഗികളെയും മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം പദ്ധതി.

***മാനദണ്ഡങ്ങൾ***

- കുടുംബ വാർഷിക വരുമാനം മുനിസിപ്പൽ/ കോർപ്പറേഷൻ പ്രദേശത്ത് 22,375/- രൂപയും, പഞ്ചായത്തുകളിൽ 20,000/- രൂപയും വരെ.
- മാനസികരോഗികൾ, ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം ഇവ ബാധിച്ചവരെ പരിചരിക്കുന്നവർക്ക് ധനസഹായത്തിന് വരുമാന പരിധി ബാധകമല്ല.
- വിധവ, വാർദ്ധക്യ, കർഷകത്തൊഴിലാളി, മറ്റു ക്ഷേമ പെൻഷനുകൾ ലഭിക്കുന്നവർക്കും ആശ്വാസകിരണം ആനുകൂല്യം ലഭ്യമാകുന്നതാണ്.
- പരിചരണം നൽകുന്നയാൾ (കെയർ ഗിവർ) ശമ്പളം പറ്റുന്നവരോ, മറ്റ് സ്ഥിര വരുമാനം ലഭിക്കുന്നവരോ ആയിരിക്കരുത്.
- ക്ഷേമ പെൻഷൻ ആനുകൂല്യങ്ങൾ (വിധവ പെൻഷൻ, വാർദ്ധക്യ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ തുടങ്ങിയവ) ലഭിക്കുന്നവർക്കും അവർ ചെയ്യുന്ന സേവനം (അവർ ശയ്യാവലംബരായ വ്യക്തികളെ പരിചരിക്കുന്നു എന്നത്) പരിഗണിച്ച് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. എന്നാൽ ഇത്തരം പെൻഷനുകൾ ഒന്നും ലഭിക്കാത്തവർക്ക് മുൻഗണന നൽകുന്നതാണ്.

| പദ്ധതിയുടെ പേര് | ബജറ്റ് വിഹിതം (ലക്ഷത്തിൽ) | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|---|
| ആശ്വാസകിരണം | 4700 (3200 state fund + 1500 SDG | 8270.52 (ബജറ്റ് വിഹിതത്തിന് പുറമെ യുള്ള തുക വീകെയർ ഫണ്ടിൽ നിന്നുമാണ് കണ്ടെത്തിയത്). |

4. **സ്നേഹസ്പർശം പദ്ധതി :** ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർ കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് ജീവിക്കേണ്ടി വരുന്നു. ഇത്തരക്കാർക്ക് ദൈനംദിന ജീവിതത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി ഇവരെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് സ്നേഹസ്പർശം.

***മാനദണ്ഡങ്ങൾ***

- ചൂഷണത്തിനു വിധേയയായി അവിവാഹിത അവസ്ഥയിൽ അമ്മമാരായ വനിതകളായിരിക്കണം ഗുണഭോക്താക്കൾ.
- നിലവിൽ മക്കൾ ഉള്ളവരായിരിക്കണം വിവാഹിതരോ ഏതെങ്കിലും പുരുഷനുമൊത്ത് കുടുംബമായി കഴിയുന്നവരോ ആയിട്ടുള്ളവർക്ക് ഈ ആനുകൂല്യം ലഭിക്കുകയില്ല.
- മറ്റ് പെൻഷനൊന്നും ലഭിക്കുന്ന വ്യക്തിയായിരിക്കരുത്. എല്ലാവർഷും ജൂൺ മാസം ഓരോ ഐ.സി.ഡി.എസ്. ബ്ലോക്കിലെയും ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രകാരമുള്ള ലൈഫ് സർട്ടിഫിക്കറ്റ് ശിശുവികസന പദ്ധതി ആഫീസർമാർ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകേണ്ടതാണ്.

- 60 വയസ്സിന് താഴെ പ്രായമുള്ള വനിതകളായിരിക്കണം ഗുണഭോക്താക്കൾ. അപേക്ഷകൾ ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസിൽ സമർപ്പിക്കേണ്ടതും കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

| പദ്ധതിയുടെ പേര് | ബജറ്റ് വിഹിതം (ലക്ഷത്തിൽ) | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|---|
| സ്നേഹസ്പർശം | 250 | 256.35 (ബജറ്റ് വിഹിതത്തിന് പുറമെയുള്ള തുക വീകെയർ ഫണ്ടിൽ നിന്നുമാണ് കണ്ടെത്തിയത്). |

**5. എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടിയുള്ള പദ്ധതികൾ:**

എൻഡോസൾഫാൻ ദുരിത ബാധിതരിൽ ദീർഘകാല ചികിത്സ ആവശ്യമുള്ളവരും, രോഗാവസ്ഥയിലുള്ളവരും, തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്നവരിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗപെൻഷൻ വാങ്ങുന്നവർക്കും 1700/- രൂപ നിരക്കിലും പെൻഷൻ ലഭിക്കാത്തവർക്ക് 2200/- രൂപ നിരക്കിലും പ്രതിമാസ ധനസഹായം നൽകി വരുന്നു. എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ 12-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിനും മറ്റ് ചെലവുകൾക്കുമായി വിദ്യാഭ്യാസ ധനസഹായവും നൽകി വരുന്നു. എൻഡോസൾഫാൻ ദുരിത ബാധിതരിൽ പൂർണ്ണമായും കിടപ്പിലായവരെ പരിചരിക്കുന്നവർക്ക് പ്രതിമാസം 700/- രൂപ ധനസഹായം അനുവദിക്കുന്ന സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി നടപ്പാക്കി വരുന്നു.

***മാനദണ്ഡങ്ങൾ***

- എൻഡോസൾഫാൻ ദുരിത ബാധിതരാകണം.
- കിടപ്പുരോഗികളായ എൻഡോസൾഫാൻ ദുരിത ബാധിതരെ പരിചരിക്കുന്നവർക്ക് നൽകുന്ന ധനസഹായമാണ് സ്പെഷ്യൽ ആശ്വാസകിരണം.
- വരുമാന പരിധി ബാധകമല്ല.

| പദ്ധതിയുടെ പേര് | ബജറ്റ് വിഹിതം (ലക്ഷത്തിൽ) | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|---|
| സ്നേഹസാന്ത്വനം | 1000 | 1009.42 (ബജറ്റ് വിഹിതത്തിന് പുറമെയുള്ള തുക വീകെയർ ഫണ്ടിൽ നിന്നുമാണ് കണ്ടെത്തിയത്). |

**6. <u>വയോമിത്രം പദ്ധതി</u> :** നഗരസഭകളുമായി ചേർന്നു കൊ ണ്ട് 65 വയസ്സിന് മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, കൗൺസിലിംഗ് എന്നിവ നൽകി ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്ന പദ്ധതിയാണ് വയോമിത്രം പദ്ധതി.

***മാനദണ്ഡങ്ങൾ***

- 65 വയസ്സിന് മുകളിൽ പ്രായമുള്ള നഗരപ്രദേശങ്ങളിൽ താമസിക്കുന്ന വ യോജനമൊബൈൽ ക്ലിനിക്കും, കൗൺസിലിംഗും, വൈദ്യസഹായവും, മരുന്നും സൗജന്യമായി നൽകുന്നു.
- വരുമാന പരിധി ബാധകമല്ല.

| പദ്ധതിയുടെ പേര് | ബജറ്റ് വിഹിതം (ലക്ഷത്തിൽ) | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|---|
| വയോമിത്രം | 900 | 1097.29 (ബജറ്റ് വിഹിതത്തിന് പുറമെയുള്ള തുക വീകെയർ ഫണ്ടിൽ നിന്നുമാണ് കണ്ടെത്തിയത്). |

**1. <u>സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ അഡീഷണൽ കെയർ പ്രൊവൈഡേഴ്സിനെ വയ്ക്കുന്ന പദ്ധതി</u>** : സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള മിക്ക ക്ഷേമ സ്ഥാപനങ്ങളിലും പ്രവേശിപ്പിക്കാൻ അനുമതിയുള്ള അന്തേവാസികളെക്കാൾ അധികം പേരെ താമസിപ്പിക്കാൻ സ്ഥാപന അധികൃതർ നിർബന്ധിതരായിട്ടുണ്ട് അധികമായി പ്രവേശിപ്പിക്കപ്പെട്ടിരിക്കുന്ന അന്തേവാസികൾക്ക് ആവശ്യമായ പരിരക്ഷ നൽകി അവരുടെ ശാരീരിക മാനസിക ശേഷി വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടുകൂടി ക്ഷേമ സ്ഥാപനങ്ങളിൽ അഡീഷണൽ കെയർപ്രൊവൈഡർമാരെ അനുവദിക്കുന്ന പദ്ധതിയാണിത്.

| പദ്ധതിയുടെ പേര് | ബജറ്റ് വിഹിതം (ലക്ഷത്തിൽ) | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|---|
| സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ അഡീഷണ കെയർ പ്രൊവൈഡേഴ്സിനെ വയ്ക്കുന്ന പദ്ധതി | 200 | 333.61 (ബജറ്റ് വിഹിതത്തിന് പുറമെയുള്ള തുക വീകെയർ ഫണ്ടിൽ നിന്നുമാണ് കണ്ടെത്തിയത്). |

**2. <u>വിശപ്പു രഹിത നഗരം പദ്ധതി</u> :** അവിചാരിതമായി നഗര പ്രദേശങ്ങളിൽ എത്തിപ്പെടുന്നവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുന്ന വിശപ്പുരഹിത നഗരം പദ്ധതി കോഴിക്കോട്, മലപ്പുറം, കൊല്ലം, തിരുവനന്തപുരം നഗരങ്ങളിൽ ആശുപത്രികൾ കേന്ദ്രീകരിച്ച് നടപ്പിലാക്കി വരുന്നു.

***മാനദണ്ഡങ്ങൾ***

- സർക്കാർ ആശുപത്രികളിലെ നിരാ ലംബരായ രോഗികളും കൂട്ടിരിപ്പുകാരും ആയിരിക്കണം.

| പദ്ധതിയുടെ പേര് | ബജറ്റ് വിഹിതം (ലക്ഷത്തിൽ) | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|---|
| വിശപ്പ് രഹിത നഗരം പദ്ധതി | 254 | 195.31 |

**3. ശ്രുതിതരംഗം പദ്ധതി :** 5 വയസ്സിൽ താഴെ പ്രായമുള്ള ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവി ശക്തിയും ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ സംസാരശേഷിയും നൽകി വൈകല്യം മാറ്റിയെടുക്കുന്ന പദ്ധതിയാണ് ശ്രുതിതരംഗം പദ്ധതി.

***മാനദണ്ഡങ്ങൾ***

- അപേക്ഷകന്റെ വാർഷിക കുടുംബവരുമാനം 2 ലക്ഷത്തിൽ കുറവായിരിക്കണം.
- രക്ഷിതാക്കൾ കുട്ടിക്ക് സ്പീച്ച് തെറാപ്പി പരിശീലനം നിർബന്ധമായും പരിശീലിക്കണം.

| പദ്ധതിയുടെ പേര് | ബജറ്റ് വിഹിതം (ലക്ഷത്തിൽ) | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|---|
| ശ്രുതിതരംഗം പദ്ധതി | 1000 | 373.42 |

**4. വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി :** സംസ്ഥാനത്തെ വൈകല്യം ബാധിച്ച മുഴുവൻ പേരെയും കണ്ടെത്തി ഇത്തരം വ്യക്തികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കാവുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാനരേഖയായ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതിയാണിത്.

***മാനദണ്ഡങ്ങൾ***

- 40% മോ അതിന് മുകളിലോ ഭിന്നശേഷി ഉള്ളവർ ആണെന്നുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ഉള്ളവരാകണം..

| പദ്ധതിയുടെ പേര് | ബജറ്റ് വിഹിതം (ലക്ഷത്തിൽ) | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|---|
| വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി | 400 | 91.47 |

**5. സ്നേഹപൂർവ്വം പദ്ധതി :** മാതാപിതാക്കളിൽ ആരെങ്കിലും മരണപ്പെട്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്.

***മാനദണ്ഡങ്ങൾ***

- മാതാപിതാക്കൾ ഇരുവരും അഥവാ ഇവരിൽ ആരെങ്കിലും ഒരാൾ മരിച്ചുപോവുകയും ജീവിച്ചിരിക്കുന്നയാൾക്ക് സാമ്പത്തിക പരാധീനതയാൽ കുട്ടികളെ സംരക്ഷിക്കാൻ കഴിയാത്ത അവസ്ഥയുള്ള കുടുംബങ്ങൾക്ക് വിദ്യാഭ്യാസ ധനസഹായത്തിന് അർഹതയുായിരിക്കും.
- ബി പി എൽ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. എന്നിരുന്നാലും എ പി എൽ വിഭാഗത്തിൽപ്പെട്ട വാർഷിക വരുമാനം (ഗ്രാമ പഞ്ചായത്ത്) മേഖലയിൽ 20,000/- രൂപ

വരെയും നഗരങ്ങളിൽ 22,375/- രൂപ വരെയുമുള്ള കുട്ടികൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കപ്പെടും.

- എച്ച്.ഐ.വി/എയ്ഡ്സ് ബാധിതരായ കുട്ടികളെയും സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെടിത്തിയിട്ടുണ്ട്. എയ്ഡ്സ് കൺട്രോൾ സൊസൈറ്റി മുഖേന അപേക്ഷ നൽകേണ്ടതാണ്.

| പദ്ധതിയുടെ പേര് | ബജറ്റ് വിഹിതം (ലക്ഷത്തിൽ) | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|---|
| സ്നേഹപൂർവ്വം പദ്ധതി | 3800 (1800 State + 2000 SDG | 2894.08 |

**6. വി-കെയർ** : കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഏറ്റെടുക്കുന്ന ക്ഷേമപരിപാടികൾക്കും വ്യക്തിഗത ആനുകൂല്യ പദ്ധതികൾക്കും ഫണ്ട് സ്വരൂപിക്കാനുള്ള ഒരു ധനാഗമ മാർഗ്ഗമായിട്ടാണ് ഈ പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്.

| പദ്ധതിയുടെ പേര് | ബജറ്റ് വിഹിതം (ലക്ഷത്തിൽ) | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|---|
| വികെർ പദ്ധതി | 100 | 68.54 |

- **സ്റ്റേറ്റ് ഇൻഷ്യേറ്റീവ്സ് ഓൺ ഡിസെബിലിറ്റീസ്:** വൈകല്യ മേഖലയിൽ സാമൂഹ്യ നീതി വകുപ്പ് ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സ്റ്റേറ്റ് ഇൻഷിയേറ്റീവ് ഓൺ ഡിസബിലിറ്റീസ്. പ്രത്യേക മാനദണ്ഡം ഇല്ല.

| പദ്ധതിയുടെ പേര് | ബജറ്റ് വിഹിതം (ലക്ഷത്തിൽ) | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|---|
| സ്റ്റേറ്റ് ഇൻഷ്യേറ്റീവ്സ് ഓൺ ഡിസെബിലിറ്റീസ് | 3400 | 1933.03 |

**8. സമാശ്വാസം :** വൃക്ക തകരാർ സംഭവിച്ച് സ്ഥിരമായി ഡയാലിസിസിൽ ഏർപ്പെടുന്നവർ, വൃക്ക, കരൾ മാറ്റിവയ്ക്കൽ സർജറിയ്ക്ക് വിധേയരായവർ, ഹീമോഫീലിയ രോഗികൾ, സിക്കിൾ സെൽ അനീമിയ രോഗികൾ എന്നിവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സമാശ്വാസം പദ്ധതി._

***സമാശ്വാസം I - മാനദണ്ഡങ്ങൾ***

- അപേക്ഷകൻ മാസത്തിലൊരിക്കലെങ്കിലും സ്ഥിരമായി ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ കുടുംബാംഗമായിരിക്കണം.
- അപേക്ഷകന്റെ പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ഉണ്ടായിരിക്കണം
- മറ്റ് സർക്കാർ ആനുകൂല്യം ലഭിക്കുന്നവർക്കും ഈ പ്രത്യേക ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.

***സമാശ്വാസം II - മാനദണ്ഡങ്ങൾ***

- വാർഷിക കുടുംബ വരുമാനം 1 ലക്ഷത്തിൽ താഴെയായിരിക്കണം.

- വൃക്ക/കരൾ എന്നീ അവയവങ്ങളിലേതെങ്കിലും മാറ്റിവയ്ക്കപ്പെട്ട രോഗികൾ ആയിരിക്കണം.
- മറ്റ് സർക്കാർ ധനസഹായം ലഭിക്കുന്നവർക്കും ഈ പ്രത്യേക ധനസഹായത്തിന് അർഹതയു ണ്ടായിരിക്കും.
- ശസ്ത്രക്രിയ കഴിഞ്ഞ തീയതി മുതൽ 5 വർഷത്തേയ്ക്കാണ് സമാശ്വാസം - II പദ്ധതി ആനുകൂല്യത്തിന് അ ർഹത.

***<u>സമാശ്വാസം III - മാനദണ്ഡങ്ങൾ</u>***

- അപേക്ഷകൻ ഹീമോഫീലിയ അല്ലെങ്കിൽ അതിന്റെ അനുബന്ധ രോഗബാധിതനായിരിക്കണം.

***<u>സമാശ്വാസം IV - മാനദണ്ഡങ്ങൾ</u>***

- സംസ്ഥാനത്ത് ട്രൈബൽ വിഭാഗത്തിൽപ്പെടാത്ത അരിവാൾ രോഗം ബാധിച്ച പൊതുവിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ രോഗബാധിത രാണ് ഗുണഭോക്താക്കൾ.
- വാർഷിക കുടുംബ വരുമാനം ഒരു ലക്ഷത്തിൽ താഴെയായിരിക്കണം.
- (HBAS) Sickel Cell Trair Case ന് ചികിത്സ ആവശ്യമില്ല, അത്തരം കേസുകളെ ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.

| പദ്ധതിയുടെ പേര് | ബജറ്റ് വിഹിതം (ലക്ഷത്തിൽ) | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|---|
| സമാശ്വാസം പദ്ധതി (നോൺ പ്ലാൻ) | 315 | 565 |

## <u>വനിതാ വികസന കോർപ്പറേഷൻ</u>

വിമൻ സെൽ പദ്ധതിയ്ക്ക് കീഴിലുള്ള സ്കോളർഷിപ്പ് ആനുകൂല്യം .

**<u>മാനദണ്ഡം</u>**

- വാർഷിക വരുമാനം - 1.00 ലക്ഷം രൂപയ്ക്ക് താഴെ
- അധ്യായന മികവും പാഠ്യേതര മികവും.

4 ലക്ഷം രൂപ (പ്ലാൻ ഫണ്ട്)

## III. <u>സാമൂഹ്യ ക്ഷേമ ബോർഡ്</u>

2015-16 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് വഴി 1) സ്വധാർ ഗ്രഹ് പദ്ധതി 2) സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ 3) ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകൾക്കുള്ള ഷെൽട്ടർ ഹോമുകൾ എന്നീ ക്ഷേമ പദ്ധതി കൾ സംസ്ഥാന സർക്കാർ സഹായത്തോടെ നടത്തിവരുന്നു ണ്ട്

1) സ്വധാർ ഗ്രഹ് പദ്ധതി പ്രകാരം കേരളത്തിൽ 7 സ്വധാർ ഹോമുകൾ പ്രവർത്തിക്കുന്നു വിവിധ സാഹചര്യങ്ങളിൽ നിന്നും സ്വധാർ ഹോമുകളിൽ പ്രവേശിപ്പിക്കപ്പെടുന്ന

സ്ത്രീകൾ ക്കും കുട്ടികൾക്കും ആണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. സ്വധാർ ഗ്രഹ് സ്കീം പ്രകാരം പ്രവർത്തിക്കുന്ന സംഘടനകൾക്കാണ് ഗ്രാന്റ് നൽകിവരുന്നത്.

2) സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ - ഗാർഹിക പീഡനത്തിന് ഇരയായി സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളിൽ എത്തുന്ന സ്ത്രീകൾക്ക് സൗജന്യ നിയമസഹായം, കൗൺസിലിംഗ്, വൈദ്യസഹായം, പോലീസിന്റെ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ, ബോധവൽക്കരണ ക്ളാസ്സുകൾ, വൊക്കേഷണൽ ട്രെയിനിംഗ്, ഷെൽട്ടർ ഹോമുകളി ലേയ്ക്കുള്ള റഫറൽസ്, എന്നീ സേവനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ വഴി ലഭ്യമാക്കുന്നു. ഈ പദ്ധതിയിൻകീഴിൽ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന എല്ലാ സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളിലും ഗാർഹിക പീഡനത്തിന് ഇരയായ സ്ത്രീകൾക്ക് സൗജന്യനിയമസഹായം ലഭ്യമാക്കുന്നതിന് ഓരോ വനിതാ അഡ്വക്കേറ്റുമാരെ നിയമിച്ചിട്ടു ണ്ട്. അവർ 3 മണിക്കൂർ വീതം ആഴ്ചയിൽ 3 ദിവസം സേവനം ലഭ്യമാക്കുന്നു.

3) ഷെൽട്ടർഹോമുകൾ - ഗാർഹികപീഡനത്തിനിരയാകുന്ന സ്ത്രീകളെ മാത്രം അടിയ ന്തിരഘട്ടത്തിൽ (30 സ്ത്രീകൾക്ക്) സുരക്ഷിതമായി പാർപ്പിച്ച് പുനരധിവസിപ്പിക്കുന്നതിന് കേരള സംസ്ഥാന സാമൂഹ്യക്ഷേമബോർഡ് സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ തെരഞ്ഞെടുത്ത സന്നദ്ധസംഘടനകൾ വഴി നടപ്പാക്കുന്ന പ ദ്ധതിയാണ് ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകൾക്കുള്ള ഷെൽട്ടർ ഹോമുകൾ. ഓരോ ഗുണഭോക്താവിനും സൗജന്യ ഭക്ഷണം, സൗജന്യ താമസസൗകര്യം, സൗജന്യ വസ്ത്രം, കൗൺസിലിംഗ്, സൗജന്യ നിയമസഹായം, വൈദ്യസഹായം, വൊക്കേഷണൽ ട്രെയിനിംഗ്, കുട്ടികളുടെ സംരക്ഷണത്തിനുള്ള സൗകര്യങ്ങൾ എന്നിവയാണ് ഷെൽട്ടർഹോമിൽ നിന്നും ലഭിയ്ക്കുന്ന സേവനങ്ങൾ.

1) 2015-16 സാമ്പത്തിക വർഷത്തിൽ ആവശ്യമായ തുക ഒരു സ്വധാർ ഹോമിന് 14,54,000/- വീതം 7 സ്വധാർ ഹോമുകൾക്ക് 1,01,78,000/- ആണ്. കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വ ധാർ ഹോമിന് കേന്ദ്ര വിഹിതം (60%), സംസ്ഥാന വിഹിതം (40%) എന്ന അനുപാതത്തിൽ സംസ്ഥാന വനിതാ ശിശു വികസന ഡയറക്ടറേറ്റിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് നൽകു ന്നതാണ്.

2) സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ - 2015-16 സാമ്പത്തികവർഷം സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ തുടർ നടത്തിപ്പ് പദ്ധതിയ്ക്ക് ആവശ്യമായ 2,39,08,500/- രൂപയുടെ ഉത്തരവ് ജൻഡർ അവയർനസ്സ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്.

3) ഷെൽട്ടർഹോമുകൾ - 2015-16 സാമ്പത്തികവർഷം ഷെൽട്ടർഹോമുകളുടെ തുടർ നടത്തിപ്പ് പദ്ധതിയ്ക്ക് 1,70,00,000/- രൂപയുടെ ഉത്തരവ് സർക്കാരിൽ നിന്നും സാമൂഹ്യക്ഷേമ ബോർഡിന് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം - II

## സാമൂഹ്യനീതി വകുപ്പ്

2020 ജനുവരി മാസത്തിൽ ***മേൽ പദ്ധതികൾ കൂടാതെ*** വിദ്യാകിരണം, വിദ്യാജ്യോതി, സ്വാശ്രയ, പരിണയം, ഭിന്നശേഷിക്കാർക്ക് തുല്യതാ പരിക്ഷ എഴുതുന്നതിനുള്ള ധനസഹായം, വിദൂര വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള ധനസഹായം, പി എച്ച് സ്കോളർഷിപ്പ്, വികലാംഗ ചികിത്സാ ധനസഹായം, മാതൃജ്യോതി, ഇംപ്രസ്റ്റ് മണി, പരിരക്ഷ, വിജയാമൃതം, സഹചാരി, സഹായ ഉപകരണ വിതരണ പദ്ധതി എന്നിവ നിലവിലുണ്ട്.

## 2020 ജനുവരി മാസം നിലവിലുള്ള ട്രാൻസ് ജെണ്ടർ പദ്ധതികൾ:

1) തിരിച്ചറിയൽ കാർഡ് വിതരണം
2) ട്രാൻസ്ജെൻഡർ സ്കോളർഷിപ്പ്
3) ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം/താമസ സൗകര്യം ലഭ്യമാക്കുന്ന പദ്ധതി.
4) ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാവുന്ന/ക്രൈസിസിൽ അകപ്പെടുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി കെയർ ഹോം/ഷോർട്ട് സ്റ്റേ ഹോം ആരംഭിക്കുന്ന പദ്ധതി.
5) ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ബ്യൂട്ടീഷൻ പരിശീലനം നൽകുന്ന പദ്ധതി.
6) ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാവുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ധനസഹായം നൽകുന്ന പദ്ധതി.
7) ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാവുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തുടർ ചികിത്സയ്ക്ക് ധനസഹായം നൽകുന്ന പദ്ധതി.
8) ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയംതൊഴിൽ ധനസഹായം നൽകുന്ന പദ്ധതി.
9) ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി എച്ച്.ഐ.വി സീറോ സർവ്വയലൻസ് സെന്ററുകൾ ആരംഭിക്കുന്ന പദ്ധതി.

10) കേരള സംസ്ഥാന സാക്ഷരതാ മിഷൻ മുഖേന സമന്വയ തുടർ
വിദ്യാഭ്യാസ പദ്ധതി.

11) ട്രാൻസ്ജെൻഡർ വിഭാഗക്കാരുടെ സാമൂഹ്യ-സാമ്പത്തിക
സർവ്വേ. (CMD മുഖേന)

12) 24 x 7 ട്രാൻസ്ജെൻഡർ ഹെൽപ്പ് ലൈൻ.

## 1) <u>വിദ്യാകിരണം</u>

ഭിന്നശേഷിക്കാരായ മാതാവ്/പിതാവിന്റെ മക്കൾക്ക് വിദ്യാഭ്യാസം ചെയ്യുന്നതിന് ധനസഹായം നൽകുന്നു.

| | | |
|---|---|---|
| 1 to 5 | - | 300/- |
| 6 to 10 | - | 500/- |
| +1, +2, ITI, equallent courses | - | 750/- |
| Degree, PG, Polytechnique Equallent Courses, Professional courses | - | 1000/- |

## 2) <u>വിദ്യാജ്യോതി</u> –

9–ാം ക്ളാസ്സ് മുതൽ പി ജി കോഴ്സുവരെ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പഠനോപകരണത്തിനും യൂണിഫോമിനുമായി ധനസഹായം നൽകുന്നു.

| Course/class | Study materials | Uniforms |
|---|---|---|
| 1. 9 to 10 | 1000 | 1500 |
| 2. +1, +2, ITI, Polytechnique, VHSC | 2000 | 1500 |
| 3. Degree/Diploma/Professional Course | 3000 | -- |
| 4. Post Graduation | 3000 | -- |

## 3) <u>സ്വാശ്രയ:-</u>

തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളുടെ മാതാവിന്/രക്ഷിതാവിന് (സ്ത്രീ ആയിരിക്കണം) സ്വയം തൊഴിൽ ചെയ്യുന്നതിന് 35,000/- രൂപ ഒറ്റ തവണ ധനസഹായം.

4) **പരിണയം-**

ഭിന്നശേഷിക്കാരുടെ പെൺമക്കളെയും ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്കും വിവാഹം ചെയ്യുന്നതിന് 30,000/- രൂപ ധനസഹായം.

5) **ഭിന്നശേഷിക്കാർക്ക് തുല്യാതാ പരീക്ഷ എഴുതുന്നതിനുള്ള ധനസഹായം**

ഭിന്നശേഷിക്കാർക്ക് തുല്യതാ പരീക്ഷ എഴുതുന്നതിന് 10- തരം -2350/-, ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ് ഒന്നാം വർഷം - 2950/- രണ്ടാം വർഷം - 1950/- രൂപ അനുവദിക്കുന്നു.

**വിദൂരവിദ്യാഭ്യാസം** -

ഓപ്പൺ യൂണിവേഴ്സിറ്റി പ്രോഗ്രാം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ വഴി പഠിക്കുന്ന ഭിന്നശേഷിക്കാർക്ക് പരമാവധി 10,000/- രൂപ അനുവദിക്കുന്നു.

**PH SCHOLARSHIP**

| കാറ്റഗറി | ദിവസ വിദ്യാർത്ഥികൾ | ഹോസ്റ്റൽ വിദ്യാർത്ഥികൾ | റീഡേഴ്സ് വിദ്യാർത്ഥികൾ |
|---|---|---|---|
| 1 to 4 | 300 | -- | 200 |
| 5 to 10 | 500 | -- | 200 |
| +1,+2,ITI, equallent courses | 750 | 100 | 300 |
| Degree, Poly, equallent Training course | 1000 | 1500 | 400 |
| PG, Professional | 1000 | 1500 | 400 |

ചികിത്സാധനസഹായം- 40% ഉം കൂടുതലും വൈകല്യമുള്ളവർക്ക് പരമാവധി 5000/- രൂപ അനുവദിക്കുന്നു.

**പരിരക്ഷ** -

അടിയന്തിര സഹായം ആവശ്യമായ ഭിന്നശേഷിക്കാർക്ക് സഹായം നൽകുന്ന പദ്ധതി. ആവശ്യകതയ്ക്ക് അനുസൃതമായി ജില്ലാതല മോണിറ്ററിംങ് കമ്മറ്റി കൂടി തുക അനുവദിക്കുന്നു.

**വിജയാമൃതം** -

ഡിഗ്രി/തത്തുല്യ കോഴ്സുകൾ, പി ജി / പ്രൊഫഷണൽ കോഴ്സുകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ ഭിന്നശേഷിക്കാരായവർക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതി.

ഡിഗ്രി/തത്തുല്യം - 8000 + സർട്ടിഫിക്കറ്റ് + മൊമെന്റോ
പി ജി / പ്രൊഫഷണൽ - 10000 + സർട്ടിഫിക്കറ്റ് + മൊമെന്റോ.

**സഹചാരി**

പരസഹായം ആവശ്യമായ 40% ന് മുകളിൽ വൈകല്യമുള്ള കുട്ടികളെ പഠനത്തിനും മറ്റ് കാര്യനിർവ്വഹണങ്ങളിലും സഹായിക്കുന്ന/പ്രോത്സാഹിപ്പിക്കുന്ന NSS/NCC/SPC യൂണിറ്റിനെ ആദരിക്കുന്ന പദ്ധതി. തിരഞ്ഞെടുക്കുന്ന യൂണിറ്റിന് 10,000/- രൂപയും സർട്ടിഫിക്കറ്റും ഫലകവും നൽകുന്നു.

## ക്ഷേമ പദ്ധതികൾക്കാവശ്യമായ തുക

സൈക്കോ സോഷ്യൽ ഗ്രാന്റ്-ഇൻ-എയ്ഡ് സ്കീം പ്രകാരം സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ കെയർ ഹോമുകൾക്ക് 2019-2020 വർഷത്തിൽ 4.8 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയത് 2019-2020 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ട്രാൻസ്ജെൻഡർ വിഭാഗക്കാരുടെ ക്ഷേമത്തിനായുള്ള മേൽ പദ്ധതികളെ "മഴവില്ല്" എന്ന ഒരു അമ്പ്രല്ല സ്കീമിലുൾപ്പെടുത്തി, ആയതിലേയ്ക്ക് 2235-60-200-64-(P) ശീർഷകത്തിൽ 4.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

പ്രസ്തുത ക്ഷേമ പദ്ധതികൾക്കായി (ഗ്രീൻ ബുക്ക്) 5 കോടി 50 ലക്ഷം + വിജയാമൃതം 20 ലക്ഷം + സഹചാരി 6 ലക്ഷം + പരിരക്ഷ 70 ലക്ഷം + ഇംപ്രസ്റ്റ് മണി 3,50,000 ( plan fund ) + സഹായ ഉപകരണം - 1 കോടി. PH Scholarship -57.08 lakhs (N/P) വകയിരുത്തിയിട്ടുണ്ട്.

നടപ്പുവർഷം പ്രൊബേഷൻ ആന്റ് ആഫ്റ്റർ കെയർ സേവനങ്ങൾക്കായി 2235-02-106- 93 (P) ശീർഷകത്തിൽ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ ഒരു കോടി രൂപ ഗ്രീൻ ബുക്കിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. മേൽ തുക ഉപയോഗിച്ചാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

ഓർഫനേജ് കൺ ട്രോൾ ബോർഡ് വഴി നടപ്പാക്കുന്ന പദ്ധതികൾക്കായി തുക താഴെ പറയുന്ന ഹെഡ്ഡുകളിൽ വകയിരുത്തിയിരിക്കുന്നു.

| | | |
|---|---|---|
| 2235-02-104-98 (നോൺ പ്ലാൻ) | - | 34,38,72,000/- |
| 2235-02-107-98 (നോൺ പ്ലാൻ) | - | 11,59,32,000/- |
| 2235-02-101-89 (നോൺ പ്ലാൻ) | - | 1,12,16,000/- |
| 2235-02-104-57 (നോൺ പ്ലാൻ) | - | 39,24,000/- |

## വനിതാ ശിശുവികസന വകുപ്പ്.

മേൽ പദ്ധതികൾ കൂടാതെ 2020 ജനുവരി മാസത്തിൽ വകുപ്പു മുഖേന നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ ചുവടെ ചേർക്കുന്നു.

**സഹായഹസ്തം**:
സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ള കുടുംബത്തിലെ 55 വയസ്സിന് താഴെ പ്രായമുള്ള വിധവകളായ സ്ത്രീകൾക്ക് സ്വയംതൊഴിൽ ചെയ്തു വരുമാന മാർഗ്ഗം കണ്ടെത്തുന്നതിന് ഒറ്റത്തവണ ധനസഹായമായി 30,000/- രൂപ അനുവദിക്കുന്നു.

**അഭയകിരണം**: ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനവും 50 വയസ്സിനു താഴെ പ്രായമുള്ളതുമായ വിധവകൾക്ക് അഭയസ്ഥാനം നൽകുന്ന ബന്ധുവിന് പ്രതിമാസം 1000/- രൂപ അനുവദിക്കുന്നു.

**പടവുകൾ:**
കേരളത്തിൽ വിധവകളായ സ്ത്രീകളുടെ കുടുംബത്തിന്റെ ഭാവി സുരകഷിതമാക്കുന്നതിനായി വിധവകളുടെ സർക്കാർ, എയ്ഡഡ് കോളേജുകളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന 2 കുട്ടികൾക്ക് ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവയ്ക്ക് ധനസഹായം നൽകുന്ന പദ്ധതി. കുടുംബ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ കവിയരുത്.

**മംഗല്യ – വിധവാ പുനഃവിവാഹം**:
സാധുക്കളായ വിധവകൾ, നിയമപരമായി വിവാഹമോചനം നേടിയവർ എന്നിവരുടെ പുനർവിവാഹത്തിന് 25,000/- രൂപ ധനസഹായം നൽകുന്നു. BPL / മുൻഗണന വിഭാഗത്തിൽ പെട്ട 18 നം 50 നും മദ്ധ്യേ പ്രായമുള്ള വിധവകൾക്കാണ് ധനസഹായം അനുവദിക്കുന്നത്.

**അതിജീവിക**:
വാർഷിക കുടുംബ വരുമാനം 50,000/- രൂപയിൽ താഴെയുള്ളവരും 50 വയസ്സിനു താഴെ പ്രായമുള്ളതുമായ വിധവകൾ, ഭർത്താവ് ഗുരുതര അസുഖത്താൽ കിടപ്പിലായവർ, വിവാഹ മോചിതരായ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കപ്പെട്ട കുടുംബത്തിലെ സ്ത്രീകൾ എന്നിവർക്ക് പരമാവധി 50,000/- രൂപ വരെ

ധനസഹായം അനുവദിക്കുന്നു. അമ്പതു വയസ്സിനു താഴെ പ്രായമുള്ള അനാരോഗ്യം (ഹൃദ്രോഗം, അംഗപരിമിതി, കിഡ്നി / ലിവർ സംബന്ധമായ രോഗങ്ങൾ, ക്യാൻസർ, തളർവാതം, മറ്റ് ഗുരുതര രോഗങ്ങൾ) നിമിത്തം ജോലി ചെയ്യാൻ സാധിക്കാത്ത സ്ത്രീകൾക്കുമാത്രമേ ഈ സ്കീമിന് അർഹതയുള്ളൂ.

നിർഭയ സെൽ മുഖാന്തിരം ലൈംഗിക പീഡനത്തിന് വിധേയരായ പെൺകുട്ടികളെ സംരക്ഷിക്കുന്ന 16 ഷെൽട്ടർ ഹോമുകൾ പ്രവർത്തിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതു കൂടാതെ ലൈംഗികാതിക്രമങ്ങൾക്കും ഗാർഹിക പീഡനത്തിനും വിധേയരായവർക്ക് അടിയന്തിര ധനസഹായമായി ആശ്വാസനിധി എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

1. **<u>ബാലനിധി:</u>** 2015 ലെ ജെ.ജെ ആക്ടിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സമൂഹത്തിൽ വിഷമത അനുഭവിക്കുന്ന കുട്ടികൾക്ക് ധനസഹായം നൽകുന്നതിന് രൂപീകരിച്ചതാണ് ബാലനിധി
2. **<u>ഉജ്ജ്വല ബാല്യം:</u>** കലാകായിക ശാസ്ത്ര സാംസ്കാരിക സാമൂഹിക രംഗങ്ങളിൽ അസാധാരണ കഴിവ് പ്രകടിപ്പിക്കുന്ന കുട്ടികൾക്ക് നൽകുന്ന പുരസ്കാരം. ഒരു ജില്ലയിൽ ഒരു കുട്ടിയ്ക്ക് 25,000/- രൂപയും പ്രശസ്തി പത്രവും ട്രോഫിയും നൽകുന്നു.
3. **<u>വിജ്ഞാനദീപ്തി:</u>** സംസ്ഥാന സർക്കാരിന്റെ സ്പോൺസർഷിപ്പ് പദ്ധതിയിലൂടെ സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കുട്ടികൾക്ക് മാസത്തിൽ 2,000/- രൂപ വീതം തുടർച്ചയായ മൂന്നു വർഷം ധനസഹായം നൽകുന്നു.
4. **<u>ഓപ്പറേഷൻ ശരണബാല്യം:</u>** പത്തനംതിട്ട ജില്ലയിൽ മാത്രം നടപ്പിലാക്കിയ പദ്ധതി സംസ്ഥാനമൊട്ടാകെ ബാല വേല – ഭിക്ഷാടനം - തെരുവ് ബാല്യ വിമുക്ത് കേരളം എന്ന ലക്ഷ്യത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ശരണബാല്യം. റെസ്ക്യൂ ഓഫീസർമാരെ പ്രത്യേകമായി നിയമിച്ച് വിവിധ വകുപ്പുകളുടെ ഏകോപനത്തിലാണ് ജില്ലകളിൽ നടപ്പിലാക്കുന്നത്.
5. **<u>കരുതൽ സ്പർശം കൈകോർക്കാം കുട്ടികൾക്കായി:</u>** സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യം ഫലപ്രദമായി ചെറുക്കുക, കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചും സംരക്ഷണത്തെക്കുറിച്ചും ബോധവത്ക്കരണം ഉറപ്പാക്കുക തുടങ്ങിയ ഉദ്ദേശ്യ ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് കരുതൽ സ്പർശം. ആയതിന്റെ തുടർ പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ നടന്നു വരുന്നു.

സഹായഹസ്തം പദ്ധതിയ്ക്ക് 42 ലക്ഷം രൂപയും മംഗല്യ പദ്ധതിയ്ക്ക് 49,25,000 രൂപയും അഭയകിരണം പദ്ധതിയ്ക്ക് 9543000/- രൂപയും വനിതാഗൃഹനാഥ

പദ്ധതിക്ക് 14137250/- രൂപയും പടവുകൾ പദ്ധതിയ്ക്ക് 30 ലക്ഷം രൂപയും അതിജീവിക പദ്ധതിയ്ക്ക് 50 ലക്ഷം രൂപയും ചെലവു വരുന്നു.

ഈ പദ്ധതികൾക്കുള്ള ഫണ്ടുകൾ 2235-02-103-68-03(വനിത വികസന പദ്ധതികൾ ) എന്ന ശീർഷകത്തിൽ നിന്നുമാണ് ചെലവഴിക്കുന്നത്.

നിർഭയ പദ്ധതിയ്ക്കായി 2235-02-103-68 പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 8 കോടി രൂപയിൽ നിന്നും, ആശ്വാസനിധി പദ്ധതിയ്ക്കായി 2235-02-103-57 പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 3 കോടി രൂപയിൽ നിന്നും ചെലവ് ചെയ്തുവരുന്നു.

6. ORC, കാവൽ,ബാലനിധി, വിജ്ഞാനദീപ്തി, ഓപ്പറേഷൻ ശരണബാല്യം, കരുതൽ സ്പർശം കൈകോർക്കാം കുട്ടികൾക്കായി, ഉജ്ജ്വല ബാല്യം എന്നിവയ്ക്ക് സമഗ്ര ശിശു സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഫണ്ട് അനുവദിക്കുന്നത്.

## കേരള സാമൂഹ്യ സുരക്ഷാ മിഷൻ

2020 ജനുവരി മാസത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിലവിലുള്ള ക്ഷേമപദ്ധതികൾ ചുവടെ ചേർക്കുന്നു.

- ക്യാൻസർ സുരക്ഷാ പദ്ധതി
- ആശ്വാസകിരണം പദ്ധതി
- സ്നേഹസ്പർശം പദ്ധതി
- സ്നേഹസാന്ത്വനം
- താലോലം
- വയോമിത്രം
- സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ അഡീഷണ കെയർ പ്രൊവൈഡേഴ്സിനെ വയ്ക്കുന്ന പദ്ധതി.
- വിശപ്പ് രഹിത നഗരം പദ്ധതി
- സ്നേഹപൂർവ്വം പദ്ധതി
- ശ്രുതിതരംഗം പദ്ധതി
- വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പ ദ്ധതി
- വീകെർ പദ്ധതി
- സമാശ്വാസം പദ്ധതി.
- സ്റ്റേറ്റ് ഇൻഷ്യേറ്റീവ്സ് ഓൺ ഡിസെബിലിറ്റീസ്
  - എം.എം.ആർ വാക്സിനേഷൻ
  - ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്റേഴ്സ്
  - യൂണിവേഴ്സൽ ഹിയറിംഗ് സ്ക്രീനിംഗ്
  - പ്രൊഗ്രാം ഫോർ ദ റീഹാബിലിറ്റെഷൻ ഓഫ് ചിൽഡ്രൻ വിത്ത് ഓട്ടിസം സ്പെക്രം ഡിസോഡർ

- ട്രയിനിം ഗ് വർക്ഷോപ്, റിസർച്ച് ആന്റ് ന്യൂ ഇനിഷ്യേറ്റീവ്സ്.
- അസിസ്റ്റൻസ് ടു നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസ്ക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ.

- പ്രതിരോധം, പ്രാരംഭ നിർണ്ണയം, കത്തെൽ, രക്തസംബന്ധമായ നാഡീവ്യൂഹ സംബന്ധമായതുമായ വൈകല്യങ്ങളുടെ നിയന്ത്രണം.
- ജുവനൈൽ ഡയബറ്റിസ് ബാധിച്ച കുട്ടികൾക്കുള്ള സമഗ്ര പദ്ധതി (മിഠായി).
- പ്രളയദുരിതബാധിതരായ അംഗപരിമിതർക്ക് സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി.

അനുബന്ധം- I ൽ സൂചിപ്പിച്ച പദ്ധതികൾ കൂടാതെ ചുവടെ പറയുന്ന ആനുകൂല്യങ്ങളും നൽകി വരുന്നു.

## I. ധ്വനി

ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിനു മുൻപ് സ്വന്തം ചെലവിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച കുട്ടികൾക്ക് സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്തു നൽകുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

## II. സ്റ്റേറ്റ് ഇനിഷ്യേറ്റീവ്സ് ഓൺ ഡിസെബിലിറ്റീസ്

- **അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**
- **ജില്ലാപ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളും, റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകളും**
- **നിലവിലുള്ള ജില്ലാപ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം**

പൂർണ്ണമായ സൗകര്യങ്ങളോടു കൂടിയ സ്ഥിരം ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ നിലവിൽ വരുന്നതുവരെ അംഗപരിമിതരായ കുട്ടികൾക്ക് തെറാപ്പികളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി നാഷണൽ ഹെൽത്ത് മിഷന്റെ നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ ശാക്തീകരിക്കുന്നതാണ്.

- **മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ**

അംഗപരിമിതരായവർക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. പലരും ജില്ലാകേന്ദ്രങ്ങളിൽ എത്തി ഈ സൗകര്യം പ്രയോജനപ്പെടുത്താൻ പ്രയാസപ്പെടുന്നു. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി 25 മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട് 6 ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഒരു യൂണിററ് എന്ന നിലയിലാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്.

## III. കാതോരം

കേൾവി വൈകല്യം എത്രയും നേരത്തെ ക ണ്ടത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായ സമഗ്ര ജീവചക്ര സമീപനം സ്വീകരിക്കുന്ന പദ്ധതി.

## IV. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ

**കാൾ സെന്റർ - 1800 120 1001 (ടോൾ ഫ്രീ)**

അംഗപരിമിതർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും, ഫയൽഫോളോ അപ് ഉൾപ്പെടെയുള്ള ഇവരുടെ വിവിധ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുമുള്ള സംവിധാ നം.

### V. പ്രോജക്ട് ഓട്ടിസം

ഓട്ടിസം ബാധിച്ച കുട്ടികൾക്ക് ചികിത്സയും തെറാപ്പികളും അനുബന്ധ സേവനങ്ങളും ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഓട്ടിസം സെന്ററുകൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്

### VI. സ്പെഷ്യൽ അങ്കണവാടികൾ

പ്രീ സ്കൂൾ തലത്തിൽ തന്നെ ബുദ്ധിമാന്ദ്യം, വളർച്ചാവികാസ താമസം തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിചരണങ്ങൾ നൽകുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ സേവനത്തോടു കൂടിയ സ്പെഷ്യൽ അങ്കണവാടികളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്

### VII. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)

അംഗപരിമിത സെൻസസ് പ്രകാരം കേരളത്തിൽ 28000 ത്തോളം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ഉണ്ടെന്നാണ് കണക്ക്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റി, മാടായി, എരിഞ്ഞോളി പഞ്ചായത്തുകൾ, മലപ്പുറം ജില്ലയിലെ താനാലൂർ എന്നിവിടങ്ങളിൽ MCRC കൾ ആരംഭിക്കാനുള്ള ഭരണാനുമതി നല്കിയിട്ടുണ്ട്

### VIII. അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം.

സംസ്ഥാനത്തെ അർഹരായ മുഴുവൻ അംഗപരിമിതർക്കും സവിശേഷ തിരിച്ചറിയൽകാർഡ് (Unique ID for Persons with Disabilities-UDID) നൽകുന്നതാണ്. കേന്ദ്ര ഗവൺമെന്റ് ഇതിനായി തയ്യാറാക്കിയിട്ടുള്ള പ്രത്യേക സോഫ്റ്റ്‌വെയറിൽ അംഗപരിമിതരുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്ത് ഓൺലൈൻ ആയാണ് സവിശേഷ തിരിച്ചറിയൽ കാർഡുകൾ നൽകുന്നത്. അംഗപരിമിതർക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഈ സോഫ്‌വെയർ മുഖാന്തിരം ലഭ്യമാക്കുന്നതാണ് ഇതിനുള്ള അപേക്ഷാഫാറങ്ങൾ എല്ലാ അങ്കണവാടികളിലും ലഭ്യമാക്കുകയും അക്ഷയ കേന്ദ്രങ്ങൾ വഴി യു.ഡി.ഐ.ഡി കാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു

### IX. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും അസിസ്റ്റഡ് ലിവിംഗ് ഹോമുകളും

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുവേണ്ടി ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും അസിസ്റ്റഡ് ലിവിംഗ് ഹോമുകളും സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പ്രവർത്തനങ്ങളും നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

### X. വിവര വിദ്യാഭ്യാസ വ്യാപന (IEC) പ്രവർത്തനങ്ങൾ -എം.പവർ

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് **എം.പവർ** എന്ന പേരിൽ നടപ്പാക്കിയ പദ്ധതിയിലൂടെ മാജിക് പരിശീലനം നൽകി ഇവരെ അനുയാത്രാ പദ്ധതി പ്രവർത്തനങ്ങളുടെ പ്രചാരകരായി (Ambassadors ) പ്രഖ്യാപിച്ചിട്ടു ണ്ട്

## XI. ജുവനൈൽ ഡയബറ്റിസ് ബാധിച്ച കുട്ടികൾക്കുള്ള സമഗ്ര പദ്ധതി (മിഠായി).

കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണ് 'മിഠായി'. ടി പദ്ധതി ജുവനൈൽ പ്രമേഹരോഗം (ടൈപ്പ് 1) ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകാനാണ് ലക്ഷ്യമിടുന്നത്.

മിഷൻ നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളിൽ സമാശ്വാസം ഒഴികെ ഉള്ള പദ്ധതികൾക്ക് പ്ലാൻഫണ്ട് ലഭിച്ചിട്ടുണ്ട് ടി ഫണ്ട് വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

| ക്രമ നം. | പദ്ധതിയുടെ പേര് | ബജറ്റ് വിഹിതം (ലക്ഷത്തിൽ) | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | ക്യാൻസർ സുരക്ഷ | 380 | 380 |
| 2 | ആശ്വാസകിരണം | 4160 | 4119.39 |
| 3 | സ്നേഹസ്പർശം | 250 | 250 |
| 4 | സ്നേഹസാന്ത്വനം | 1930 | 953.95 |
| 5 | താലോലം | 200 | 200 |
| 6 | വയോമിത്രം | 2400 | 2315.90 |
| 7 | സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ അഡീഷണ കെയർ പ്രൊവൈഡേഴ്സിനെ വയ്ക്കുന്ന പദ്ധതി | 280 | 280 |
| 8 | വിശപ്പ് രഹിത നഗരം പദ്ധതി | 180 | 117.09 |
| 9 | സ്നേഹപൂർവ്വം പദ്ധതി | 1780 | 1754.49 |
| 10 | ശ്രുതിതരംഗം പദ്ധതി | 880 | 685.49 |
| 11 | വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി | 180 | 19.56 |
| 12 | ഒീ കെ യർ പദ്ധതി | 125 | 39.84 |
| 13 | സ്റ്റേറ്റ് ഇൻഷ്യേറ്റീവ്സ് ഓൺ ഡിസെബിലിറ്റീസ് | 3555 | 1430.41 |
| 14 | പ്രതിരോധം, പ്രാരംഭ നിർണ്ണയം, കണ്ടെത്തൽ, | 300 | - |

| | | | |
|---|---|---|---|
| | രക്തസംബന്ധമായ നാഡീവ്യൂഹ സംബന്ധമായതുമായ വൈകല്യങ്ങളുടെ നിയന്ത്രണം. | | |
| 15 | ജുവനൈൽ ഡയബറ്റിസ് ബാധിച്ച കുട്ടികൾക്കുള്ള സമഗ്ര പദ്ധതി (മിഠായി). | 380 | 21.73 |
| 16 | പ്രളയദുരിതബാധിതരായ അംഗപരിമിതർക്ക് സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി | 200 | - |
| 17 | സമാശ്വാസം പദ്ധതി (നോൺ പ്ലാൻ) | 50 | 261.12 ( ആധിക തുക വീകെയർ ഫണ്ടിൽ നിന്നുമാണ് കണ്ടെത്തിയത്). |

## വനിതാ വികസന കോർപ്പറേഷൻ

2019-20 സാമ്പത്തിക വർഷമായപ്പോഴേക്കും 62 കോളേജുകളിൽ വിമൻ സെൽ രൂപീകരിച്ചിട്ടുണ്ട്. ഒരു കോളേജിലെ ഒരു വിദ്യാർഥിനിക്ക് 5000/- രൂപ വീതം സ്കോളർഷിപ്പ് നൽകിവരുന്നു. 2019 -20 ൽ ആവശ്യമായ തുക 3.10 ലക്ഷം രൂപയാണ്. പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു.

## കേരള സാമൂഹ്യ ക്ഷേമ ബോർഡ്

2019-20 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് വഴി

1) സ്വധാർ ഗ്രഹ് പദ്ധതി
2) ട്രാൻസ് ജെന്റർ വ്യക്തികൾക്കായുള്ള സീറോ സർവ്വലൻസ് സെന്റർ
3) സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ
4) ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകൾക്കുള്ള ഷെൽട്ടർ ഹോമുകൾ എന്നീ ക്ഷേമ പദ്ധതികൾ സംസ്ഥാന സർക്കാർ സഹായത്തോടെ നടത്തിവരുന്നുണ്ട്

1) 2019-20 സാമ്പത്തിക വർഷത്തിൽ ആവശ്യമായ തുക ഒരു സ്വധാർ ഹോമിന് 14,54,000/- വീതം 7 സ്വധാർ ഹോമുകൾക്ക് 1,01,78,000/- ആണ്. കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വധാർ ഹോമിന് കേന്ദ്ര വിഹിതം (60%), സംസ്ഥാന വിഹിതം (40%) എന്ന അനുപാതത്തിൽ സംസ്ഥാന വനിതാ ശിശു വികസന ഡയറക്ടറേറ്റിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് നൽകുന്നതാണ്.

2) ട്രാൻസ്ജൻഡർ ക്ഷേമത്തിന്റെ ഭാഗമായി ഗ്രീൻബുക്കിൽ ഉൾപ്പെടുത്തിവന്നിട്ടുള്ള ശീർഷകത്തിൽ നിന്നും 39,61,200/- രൂപ അനുവദിച്ചിട്ടുണ്ട്

3) സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ - 2019-20 സാമ്പത്തികവർഷം സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ തുടർ നടത്തിപ്പ് പദ്ധതിയ്ക്ക് ആവശ്യമായ 1,05,75,500/- രൂപയുടെ ഉത്തരവ് സ്ത്രീ ശാക്തീകരണ പരിപാടിയിൽ ഉൾപ്പെടുത്തി സർക്കാരിൽ നിന്നും സാമൂഹ്യക്ഷേമ ബോർഡിന് നല്കിയിട്ടുണ്ട്

4) ഷെൽട്ടർഹോമുകൾ - 2019-20 സാമ്പത്തികവർഷം ഷെൽട്ടർഹോമുകളുടെ തുടർ നടത്തിപ്പ് പദ്ധതിയ്ക്ക് 1,83,73,582/- രൂപയുടെ ഉത്തരവ് സർക്കാരിൽ നിന്നും സ്ത്രീ ശാക്തീകരണ പരിപാടികളിൽ ഉൾപ്പെടുത്തി സാമൂഹ്യക്ഷേമ ബോർഡിന് നല്കിയിട്ടുണ്ട്

സെക്രട്ടറി